പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 199

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 21-06-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 199

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടിഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

596/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 199

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് ഒന്നാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 10-ാം വകുപ്പിന്റെ ഭേദഗതി.— 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 10-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) ഖണ്ഡം (iv)-ൽ "സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഖണ്ഡം (vi)-ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 12-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "അഞ്ച് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 16) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ, എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് 2016-ൽ കേരള നിയമസഭ പാസാക്കിയിരിക്കുന്നു. എന്നാൽ സാമൂഹ്യനീതി വകുപ്പ് വിഭജനത്തിന്റെ ഭാഗമായി കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലാണ് വരുന്നത്. വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചതോടെ പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരെ ബോർഡിൽ ഉൾപ്പെടുത്തുന്നതിലേക്കായി 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൽ അതിനനുസൃതമായ ഭേദഗതികൾ വരുത്തേണ്ടതായി വന്നു.

2. ക്ഷേമനിധി ബോർഡിന്റെ കാലാവധി നിലവിൽ '5 വർഷം' എന്നത് മൂന്ന് വർഷമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്ഷേമനിധി ബോർഡിന്റെ കാലാവധി 5 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 1-ാം തീയതിയിലെ 550-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 16-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 16)-ന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. കെ. ശൈലജ ടീച്ചർ.

# 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൽ (2016-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

10. <u>ബോർഡിന്റെ രൂപീകരണം</u>.—(1) സർക്കാരിന് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ** ** ** **

(3) ബോർഡിൽ, താഴെ വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അദ്ദേഹം ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ii) അങ്കണവാടി വർക്കർമാരെയും അങ്കണവാടി ഹെൽപ്പർമാരെയും പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ;

(iii) വനിതകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ വേണ്ടത്ര അറിവും ആ വിഷയം കൈകാര്യം ചെയ്യുന്നതിന് വേണ്ടത്ര പ്രാപ്തിയും ഉള്ള ഒരു വിദഗ്ധൻ;

(iv) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ;

(v) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(vi) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ-അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്;

(vii) നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

** ** ** **

12. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി</u>.—(1) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (i)-ഉം (ii)-ഉം (iii)-ഉം ഖണ്ഡങ്ങൾ പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതാണ്.

എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ 2013 മാർച്ച് 7-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 94/2013/സാ.നീ.വ. പ്രകാരം രൂപീകരിച്ച കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡിലെ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും, സർക്കാർ ഉത്തരവ് നിലവിൽ വന്ന തീയതി മുതൽ മൂന്ന് വർഷക്കാലം അല്ലെങ്കിൽ 10-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന ബോർഡ് പ്രാബല്യത്തിൽ വരുന്ന തീയതി വരെ ഇതിൽ ഏതാണ് ആദ്യം വരുന്നത് അതുവരെ, ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **